കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം ജില്ലാ കാര്യലയം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-ഇ.കെ.എം.(ബി.പി.)274/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
e-mail.lfadekm@gmail.com
0484- 2422271
തീയതി.07.03.2020

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് ,
ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്.(സെക്രട്ടറി മുഖേന)

സർ,

വിഷയം : ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ് മെന്റ് കമ്മീഷണർ,എറണാകുളം
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)274/2020

തീയതി :07/03/2020

**എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*** ***********************************

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,***
***1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച വിശദീകരണവും മറുപടിയും പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ കെ.ജി.<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.02.2020 മുതൽ<br>07.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റെസിയാ ബീവി ജെ,<br>ഓഡിറ്റ് ഓഫീസർ |
| | പ്രസാദ്.പി.ജി.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | മേഴ്സി.കെ.പി സീനിയർ ഗ്രേഡ് ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീ.എം.ആർ.ആന്റണി | 01.04.2018 | 31.03.2019 |
| സെക്രട്ടറി | ശ്രീ.ഇ.എസ്.കുഞ്ഞുമോൻ | 01.04.2018 | 31.03.2019 |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ടൈറ്റസ് | 01.04.2018 | 06-06-18 |
| | ശ്രീമതി.മഞ്ജുബാല.കെ.ടി | 07-06-2018 | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജിനു.വി | 01-04-2018 | 31.03.2019 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി.സജിമോൾ | 01.04.2018 | 09-10-2018 |
| | ശ്രീമതി.ബിൻസി എബ്രഹാം | 10-10-2018 | 31-3-2019 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ ജയപ്രകാശ് | 01-04-2018 | 31.03.2019 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. അഞ്ചുകുര്യൻ | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,മാലിപ്പുറം | ഡോ. അപ്പു സിറിയക്ക് | 01.04.2018 | 06.05.2018 |
| ,, | ഡോ.സെലിൻ ടെസി | 07.05.2018 | 31-3-2019 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,പിഴല | ഡോ.ദിവ്യ ജേക്കബ് | 01-04-2018 | 01-07-2018 |
| | ഡോ.മനോജ് അഗസ്റ്റിൻ | 02-07-2018 | 31-3-2019 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി,ചേരാനെല്ലൂർ | ഡോ .ശ്രീരേഖ | 01.04.2018 | 31.03.2019 |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ, ഇടപ്പള്ളി | ശ്രീമതി. മാലതി | 01.04.2018 | 30.11.2018 |
| ,, | ശ്രീമതി. പ്രിയദർശിനി | 01.12.2018 | 31.03.2019 |
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ, ഇടപ്പള്ളിഅഡീഷണൽ | ശ്രീമതി.ശ്രീകുമാരി | 01.04.2018 | 09.10.2018 |
| ,, | ശ്രീമതി.ഇന്ദു.വി.എസ് | 10.10.2018 | 23.01.2019 |
| ,, | ശ്രീമതി.ശ്രീകുമാരി.എ.കെ | 24.01.2019 | 31.01.2019 |
| ,, | ശ്രീമതി.സനം.എം.കെ | 01.02.2019 | 20.02.2019 |
| ,, | ശ്രീമതി.ബിന്ദുമോൾ.പി.എസ് | 21.02.2019 | 31.03.2019 |
| വ്യവസായവികസന ഓഫീസർ | ശ്രീ ജാസ്മിൻ ബി. | 01.04.2018 | 31.03.2019 |

.

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-9 |
| 12 | വായനശാലകൾക്ക് ഫർണ്ണീച്ചർ വാങ്ങൽ-അപാകതകൾ | 1-10 |
| 13 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-11 |
| 14 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ചേരാനല്ലൂർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | 1-12 |
| 15 | മെഡിക്കൽ ഓഫീസർ പിഴല നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ | 1-13 |
| 16 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി.മാലിപ്പുറം നടപ്പിലാക്കിയ പ്രോജക്ടുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. | 1-14 |
| 17 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-15 |
| 18 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 19 | പ്രോജക്ടുകളുടെ ലക്ഷ്യം പൂർത്തീകരിക്കണം | 1-17 |
| 20 | പട്ടികജാതി വനിത വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ വരവു ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി ഓഡിറ്റിന് വിധേയമാക്കണം | 1-18 |
| 21 | ആദായനികുതി അടവാക്കിയില്ല | 1-19 |
| | <u>ഭാഗം 2, ഭാഗം 3</u> <u>ഇല്ല</u> | |
| | <u>ഭാഗം 4</u> | |
| | **പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 22 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് | 4-1 |

| | | |
|---|---|---|
| | സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 28 | ഓഡിറ്റ് റിക്കവറി | 4-7 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 30 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 34 | ബാലൻസ് ഷീറ്റ് | |
| 35 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 36 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.3.2018 തിയതിയിലെ 1(1) ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 15.05.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,34,44,640 |
| വരവ് | 3,86,72,028 |
| ആകെ | 5,21,16,668 |
| ചെലവ് | 3,74,50,333 |
| നീക്കിയിരിപ്പ് | 1,46,66,335 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ( | | 0 | 2,40,63,000 | 2,40,63,000 | 2,40,63,000 | 0 | 0 |
| വികസനഫണ്ട്-എസ്.സി.പി. | | 0 | 88,56,000 | 88,56,000 | 58,42,701 | 30,13,299 | 0 |
| വികസനഫണ്ട് - ടി.എസ്.പി. | | 0 | 2,85,000 | 2,85,000 | 0 | 2,85,000 | 0 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | | 0 | 28,54,000 | 28,54,000 | 28,54,000 | 0 | 0 |
| ഐ.എ.വൈ-ഡി.പി/ ജി.പി | | 72,07,612 | 3,83,472 | 75,91,084 | 4,84,035 | 0 | 71,07,049 |
| ഐ.എ.വൈ-സ്റ്റേറ്റ് ഷെയർ | | 9,11,033 | 1,33,019 | 10,44,052 | 1,00,007 | 0 | 9,44,045 |
| ഐ.എ.വൈ-ഹോംസ്റ്റഡ് | | 60,346 | 2,325 | 62,671 | 0 | 0 | 62,671 |
| ഐ.എ.വൈ-അഡ്മിൻ | | 5,572 | 15,452 | 21,024 | 5,004 | 0 | 16,020 |
| ടി.എസ്.ബി-ജോയിന്റ് വെഞ്ച്വർ | | 0 | 20,000 | 20,000 | 0 | 0 | 20,000 |
| യു.ബി.ഐ.തൃക്കാക്കര-മിസല്ലേനിയസ് | | 11,86,948 | 4,85,244 | 16,72,192 | 3,83,020 | 0 | 12,89,172 |
| എം.കെ.എസ്.പി-യുണൈറ്റഡ് ബാങ്ക് | | 24,196 | 23,558 | 47,754 | 46,561 | 0 | 1,193 |
| ടി.എസ്.സി-യുണൈറ്റഡ് ബാങ്ക് | | 16,39,209 | 68,446 | 17,07,655 | 4,73,059 | 0 | 12,34,596 |
| തനതു ഫണ്ട് | ട്രഷറി അക്കൗണ്ട് | 24,08,287 | 53,30,387 | 77,38,674 | 37,47,085 | 0 | 39,91,589 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 93 | 4,54,78,830 | 81 | 3,35,25,463 | 3 | 12 | 87.09% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

# 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.02.2020 3.15 പി.എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ഇല്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-7 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. രേഖകളും രജിസ്റ്ററുകളുമെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവും പൊതുവേ തൃപ്തികരമാണ്. എന്നാൽ മരാമത്ത് പദ്ധതികളിലൊഴികെ മോണിറ്ററിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിച്ചുകാണുന്നില്ല. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.12.19-15.12.19 | 2018-19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.10.2019-23.10.19 | 01.11.2016മുതൽ 23.10.2019 വരെ | ലഭിച്ചിട്ടില്ല |

# 1-9 വാർഷിക കണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് സാക്ഷ്യപത്രത്തിലെ അപാകതകൾ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-10 വായനശാലകൾക്ക് ഫർണ്ണീച്ചർ വാങ്ങൽ-അപാകതകൾ

തൻവർഷം ബ്ലോക്ക് പഞ്ചായത്ത് മുഖേന വിവിധ പദ്ധതികളിലായി ഫർണ്ണീച്ചറുകൾ വാങ്ങി നൽകിയതിന്റെ ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം, പേര് | ചെലവഴിച്ച തുക | ബിൽ/ ചെക്ക് നം. തീയതി | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 113, വൈ.എം.എ.കോതാടിന് ഫർണ്ണീച്ചർ വാങ്ങൽ | 65,996 | 26/18-19 11.03.19 | സെക്രട്ടറി |
| 2 | 12, വായനശാലകൾക്ക് ഫർണ്ണീച്ചർ വാങ്ങൽ | 84,000 | 08/18-19 10.07.18 | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| 3 | 80, ചേരാനല്ലൂർ പണ്ഡിറ്റ് കറുപ്പൻ സ്മാരക വായനശാലക്ക് ഫർണ്ണീച്ചർ വാങ്ങൽ | 22,000 | 15/18-19 21.08.18 | സെക്രട്ടറി |

ഇതിൽ ക്രമ നമ്പർ 1 ലെ വൈ.എം.എ. കോതാട് എന്ന സ്ഥാപനത്തിന് 100 armless plastic കസേരകൾ-Nilkamal brand KADCO യിൽ നിന്നുമാണ് വാങ്ങി നൽകിയിരിക്കുന്നത്. നികുതിയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഉൾപ്പെടെ 65,996/- രൂപയാണ് ഇതിലേക്കായി ചെലവഴിച്ചിരിക്കുന്നത്. അതായത് ഒരു കസേരക്ക് 660/- രൂപയോളം ചെലവ് വന്നിരിക്കുന്നു. ക്രമ നമ്പർ 2ലെ പ്രോജക്റ്റ് പ്രകാരം ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഇടയക്കുന്നം ജയകേരള ആർട്സ് ക്ലബിനാണ് ഫർണ്ണീച്ചറുകൾ വാങ്ങി നൽകിയിരിക്കുന്നത്. ഇവിടേക്ക് KSIE യിൽ നിന്നും 100 armless plastic കസേരകൾ-Nilkamal brand, 2 സ്റ്റീൽ അലമാര, 2 ഓഫീസ് ടേബിൾ എന്നിവ വാങ്ങുന്നതിനാണ് 84,000/- രൂപ ചെലവഴിച്ചിരിക്കുന്നത്. ഇതിൽ 100 കസേരകൾ വാങ്ങിയതിന് നികുതിയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഉൾപ്പെടെ 480/-രൂപ നിരക്കിൽ 48,000/- രൂപമാത്രമാണ് ചെലവ് വന്നിരിക്കുന്നത്. എന്നാൽ വൈ.എം.എ. കോതാടിന് അതേ ബ്രാൻഡ് കസേരകൾ വാങ്ങിയതിന്65,996/- രൂപ ചെലവ് വന്നിരിക്കുന്നു. ഇതു വഴി ഒരേ ഇനം സാധനങ്ങൾ തന്നെ വാങ്ങിയതിന് 17,996/- രൂപ അധികം ചെലവഴിച്ചിരിക്കുന്നു. കുറഞ്ഞ നിരക്കിൽ കസേര സപ്ലൈ ചെയ്ത KSIE യിൽ നിന്നും ആദ്യം വാങ്ങൽ നടത്തിയിട്ടും പിന്നീട് കൂടിയ നിരക്കിൽ KADCO നിന്നും കസേരകൾ വാങ്ങിയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു( നം 5). ഇതിനു ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നിർവ്വഹണത്തിന്റെ അന്തിമ ഘട്ടത്തിലാണ് വൈ.എം.എ. കോതാടിന് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതിക്ക് ഡി.പി.സി അനുമതി ലഭിച്ചതെന്നും, KSIE യിൽ കസേരകൾ സ്റ്റോക്കുണ്ടായിരുന്നില്ലെന്നുമാണ് അറിയിച്ചത്.

മേൽ പ്രകാരമുള്ള വാങ്ങലുകളിൽ വന്ന അപാകതകൾ താഴെ ചേർക്കുന്നു.

1. കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ.6.1 പ്രകാരം വാർഷിക ആവശ്യകതാ നിർണ്ണയം നടത്തുമ്പോൾ ഒരു വർഷത്തേക്കുള്ള ആവശ്യകത കഴിയുന്നത്ര മുൻകൂട്ടി കാണേണ്ടതാണ്. 28.05.2018 ലെ 2/2 നമ്പർ തീരുമാനപ്രകാരം വിവിധ വായനശാലകൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതായിരുന്നു. അതിനാൽ മറുപടിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ അംഗീകരിക്കുന്നില്ല. 2010 ലെ പ്രൊക്യൂർമെൻറ് മാർഗ്ഗരേഖ ഭാഗം(സി)സമാഹാരണ പദ്ധതികളിലും മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങൽ നടത്തണമെന്ന് നിർദ്ദേശമുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിച്ചുവെങ്കിൽ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ ലഭ്യമാവുന്ന ഒരേ സ്ഥാപനത്തിൽ നിന്നു തന്നെ 2018-19 വർഷത്തേക്ക് വിവിധ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫർണ്ണീച്ചറുകൾ വാങ്ങാമായിരുന്നു. അപ്പോൾ ഓരോ വാങ്ങലുകൾക്കും പ്രത്യേകമായി നടത്തിയ നടപടിക്രമങ്ങൾക്ക് ആവശ്യമായി വന്ന അധികച്ചെലവും സമയനഷ്ടവും ഒഴിവാക്കാമായിരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-11 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S 016/18-19, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പദ്ധതി അടങ്കൽ | 12,00,000/-രൂപ (വികസനഫണ്ട്-എസ്.സി.പി) |
| ചെലവഴിച്ച തുക- | 8,50,000/- |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിയനുസരിച്ച് നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കാവുന്നതാണ്. പരമാവധി 2,00,000/- രൂപയാണ് ധനസഹായം നൽകാവുന്നത്. ഇതിൽ 50,000/- രൂപ മുൻകൂറായും ബാക്കി തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലുമാണ് നൽകേണ്ടത്. തൻവർഷം ആകെ 6 ഗുണഭോക്താക്കൾക്കായി താഴെ പറയും പ്രകാരം 8,50,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക | ബിൽ നമ്പർ. തീയതി |
|---|---|---|---|
| 1 | മീനാക്ഷി -ഷാജൻ.വി.എസ്, എളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് | 50,000 | 05/18-19/19.11.18 |
| | | 50,000 | 8/18-19/31.12.18 |
| | | 50,000 | 12/18-19/26.02.19 |
| 2 | സ്റ്റെഫി-രജ്ജുല.ടി.ബി,മുളവുകാട് ഗ്രാമ പഞ്ചായത്ത് | 50000 | 8/18-19/31.12.18 |
| | | 50,000 | 15/18-19/12.03.19 |
| | | 50,000 | 06/18-19/19.11.18 |
| 3 | ആത്രിഷ-ത്രിശൻ.പി.ആർ, എളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് | 50,000 | 06/18-19/19.11.18 |
| | | 50,000 | 8/18-19/31.12.18 |
| | | 50,000 | 12/18-19/26.02.19 |
| 4 | ആർച്ചദാസ്-അതുൾദാസ്,എളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് | 50,000 | 06/18-19/19.11.18 |
| | | 50,000 | 08/18-19/31.12.18 |

| | | | |
|---|---|---|---|
| | | 50,000 | 13/18-19/28.02.19 |
| 5 | അതുല്യ അജിത്ത് | 50,000 | 13/18-19/28.02.19 |
| | | 50,000 | 16/18-19/25.03.19 |
| | | 50,000 | 17/18-19/28.03.19 |
| 6 | അഭിനവ് ഉണ്ണികൃഷ്ണൻ | 50,000 | 16/18-19/25.03.19 |
| | | 50,000 | 17/18-19/28.03.19 |
| | ആകെ | 8,50,000 | |

ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

1.പഠനമുറിക്കുള്ള ധനസഹായത്തിന് 50,000/- രൂപ മുൻകൂറായും അർഹമായ ബാക്കി തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലുമാണ് നൽകേണ്ടിയിരുന്നത്. എന്നാൽ മേൽപറഞ്ഞ ഗുണഭോക്താക്കൾക്ക് പല ഗഡുക്കളായി 1,50,000/- രൂപ നൽകിയിരിക്കുന്നു. മൂല്യനിർണ്ണയം കണക്കിലെടുക്കാതെ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല.

2. ഗുണഭോക്താക്കളുടെ നിലവിലെ വീടിന്റെ വിസ്തൃതി അറിയുന്നതിന് വീടിന്റെ പ്ലാൻ ഹാജരാക്കിയിട്ടില്ല.

3. മേൽപ്പറഞ്ഞ ഗുണഭോക്താക്കളിൽ സ്റ്റെഫി-രജുല.ടി.ബി,മുളവുകാട് ഗ്രാമ പഞ്ചായത്ത് എന്ന ഗുണഭോക്താവ് മാത്രമാണ് അസിസ്റ്റന്റ് എഞ്ചാനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളത്. സാക്ഷ്യപത്രം പ്രകാരം പഠനമുറിയുടെ ആകെ നിർമ്മിത വിസ്തൃതി 200 ചതുരശ്ര അടിയും മൂല്യനിർണ്ണയത്തുക 2,58,000/-രൂപയുമാണ്. പദ്ധതി മാർഗ്ഗ രേഖ പ്രകാരം 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറിയാണ് നിർമ്മിക്കാവുന്നത്.

ഇക്കാര്യം പരിശോധിച്ച് മറുപടി നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 01/04.02.2020) താഴെ പറയും പ്രകാരമാണ് മറുപടി ലഭ്യമാക്കിയത്.

1.പഠനമുറി നിർമ്മിക്കാൻ ആദ്യഗഡു അഡ്വാൻസ് ആയി ൽകുന്നു. പിന്നീട് നിർമ്മാണത്തിന്റെ നിശ്ചിതഘട്ടം പൂർത്തിയാക്കുമ്പോൾ പട്ടികജാതി വികസന ഓഫീസർ നിർമ്മാണ പുരോഗതി വിലയിരുത്തി രണ്ട്, മൂന്ന് ഗഡുക്കൾ നൽകുന്നു. നാലാംഗഡു നൽകുന്നതിന് മുമ്പേ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങുന്നു. അതനുസരിച്ചാണ് നാലാം ഗഡു അനുവദിക്കുന്നത്.

2. വീടിന്റെ വിസ്തൃതി രേഖപ്പെടുത്തിയ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്.

3. നിലവിലുള്ള വീടിനോട് ചേർന്ന് മുറി നിർമ്മിക്കുമ്പോൾ വാസ്തു ശരിയാക്കുന്നതിനാണ് മുറിയുടെ വിസ്തീർണ്ണത്തിൽ വർദ്ധനവ് വരുത്തേണ്ടി വന്നത്.

ഈ മറുപടി അംഗീകരിക്കാവുന്നതല്ല. 50,000/- രൂപ മുൻകൂറായും അർഹമായ ബാക്കി തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലുമാണ് നൽകേണ്ടത്. ഇതിനകം മുൻകൂറായി 1,50,000/-രൂപ നൽകിയ സംഗതിയിൽ മൂല്യനിർണ്ണയത്തുക അതിലും കുറവാണെങ്കിൽ തുക തിരികെ ഈടാക്കേണ്ട സാഹചര്യം പരിഗണിക്കേണ്ടതാണ്. പദ്ധതി

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക അനുവദിക്കേണ്ടത്. ഈ പദ്ധതി പ്രകാരം 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറിയാണ് നിർമ്മിക്കാവുന്നത്. വാസ്തു ശരിയാക്കാൻ മുറിയുടെ വിസ്തീർണ്ണം കൂട്ടണമെങ്കിൽ അതിന്റെ ചെലവ് ഗുണഭോക്താവ് വഹിക്കേണ്ടതാണ്. എല്ലാ ഗുണഭോക്താക്കളുടേയും മൂല്യനിർണ്ണയ സാക്ഷ്യപത്രം അടുത്ത ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# 1-12 മെഡിക്കൽ ഓഫീസർ പി.എച്ച് .സി. ചേരാനല്ലൂർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

1.

| | |
|---|---|
| പ്രോജക്ട് നം. | 48/18-19 |
| പ്രോജക്ടിന്റെ പേര് | മരുന്നു വാങ്ങൽ |
| അടങ്കൽ | 4,00,000/- |
| ചെലവ് | 4,00,000/- |
| ബിൽ നം. തീയതി, തുക | 2/18-19, 31.10.18- 2,13,928/- |
| “ | 5/18-19,14.02.19 – 1,86,072/- |

മേൽ പദ്ധതിക്കായി ചെലവഴിച്ച 1,86,072/-രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ടി മരുന്നുകളുടെ ഒറിജിനൽ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2.

| | |
|---|---|
| പ്രോജക്ട് നം. | 57/18-19 |
| പ്രോജക്ടിന്റെ പേര് | PHC ചേരാനല്ലൂർ-ഫർണീച്ചർ വാങ്ങൽ |
| അടങ്കൽ | 75,000/- |
| ചെലവ് | 75,000/- |
| ബിൽ നം. തീയതി | 1/18-19, 17.10.18 |

മേൽ പദ്ധതിക്കായി ചെലവഴിച്ച 75,000/-രൂപയുടെ ഫർണീച്ചർ ലഭ്യമായതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ആയതിന്റെ ഒറിജിനൽ ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

3.

| | |
|---|---|
| പ്രോജക്ട് | 56/18-19 |

| | |
|---|---|
| നം. | |
| പ്രോജക്ടിന്റെ പേര് | ലാബ്,ഒ.പി. ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 75,000/- |
| ചെലവ് | 33600/- |
| ബിൽ നം. തീയതി | 6/18-19, 14.02.19 |
| അപാകത | വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

4.

| | |
|---|---|
| പ്രോജക്ട് നം. | 59/18-19 |
| പ്രോജക്ടിന്റെ പേര് | A3ഫോട്ടോസ്റ്റാറ്റ്മെഷീൻ വാങ്ങൽ |
| അടങ്കൽ | 50,000/- |
| ചെലവ് | 50,000/- |
| ബിൽ നം. തീയതി | 4/18-19, 14.02.19 |
| അപാകത | സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. |

മേൽ അപാകതകൾ സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം.03/06.02.2020 നൽകിയെങ്കിലും മറുപടിയോ ആവശ്യപ്പെട്ട രേഖകളോ ലഭ്യമാക്കാതിരുന്നതിനാൽ ടി പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകൾ 3,44,672/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-13 മെഡിക്കൽ ഓഫീസർ പി എച്ച് സി പിഴല നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

| | |
|---|---|
| പ്രോജക്ട് നം. | 27/18-19 |
| പ്രോജക്ടിന്റെ പേര് | മരുന്ന വാങ്ങൽ |
| അടങ്കൽ | 3,00,000/- |
| ചെലവ് | 3,00,000/- |
| ബിൽ നം. തീയതി, തുക | 08/18-19, 28.12.2018, 1,50,000/- |
| ‘‘ | 13/18-19, 23.03.2019, 1,50,000/- |

മരുന്ന വാങ്ങലിനായി ചെലവഴിച്ച 3,00,000/-യിൽ 2,12,683/- രൂപയുടെ മരുന്നുകൾ മാത്രം ലഭ്യമായതായിട്ടാണ് ഫയലിൽ കാണുന്നത്. ബാക്കി 87,317/- രൂപയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്ട് നം. | 81/18-19 |
| പ്രോജക്ടിൻെറ പേര് | മരുന്ന വാങ്ങൽ |
| അടങ്കൽ | 1,50,000/- |
| ചെലവ് | 1,50,000/- |
| ബിൽ നം. തീയതി | 1/18-19, 07.09.2018 |

പൊതു സമാഹരണത്തെ നിയന്ത്രിക്കുന്ന അടിസ്ഥാന മാനദണ്ഡങ്ങൾ പ്രകാരമാണ് സർക്കാർ വകുപ്പുകളിലേക്ക് വാങ്ങലുകൾ നടത്തേണ്ടത്. സ്റ്റോർ പർച്ചേസ് മാന്വൽ 2013 G.O. (p) No. 03/2013/S.P.D./dt.21.06.2013 ഖണ്ഡിക 7.7 പ്രകാരം ഒരു ലക്ഷംരൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ ബാധകമാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ധന്വന്തരി മെഡിക്കൽ സ്റ്റോറിൽ നിന്ന് മരുന്നുകൾ വാങ്ങിയതിന് ടെണ്ടർ ക്ഷണിച്ചതായുള്ള രേഖകൾ ഫയലിൽ ഇല്ല. ടെണ്ടർ നടപടികളില്ലാതെ മരുന്ന് വാങ്ങാവുന്നത് കേരള മെഡിക്കൽ സർവീസസ് കോർപറേഷനിൽ നിന്നുമാണ്.

എ) ടെണ്ടർ സംബന്ധിച്ച രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.
ബി) വാങ്ങൽ സംബന്ധിച്ച പ്രൊക്യൂർമെൻറ് കമ്മറ്റി അംഗീകാരമില്ല.
മേൽ അപാകതകൾ പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി(4/06.02.2020) നൽകിയതിന് ധന്വന്തരി മെഡിക്കൽ സ്റ്റോറിൽ നിന്ന് മരുന്നുകൾ ടെണ്ടർ കൂടാതെ വാങ്ങാമെന്ന ധാരണയിലാണ് വാങ്ങിയതെന്നും മേലിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം വാങ്ങുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വാങ്ങലുകൾക്ക് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-14 മെഡിക്കൽ ഓഫീസർ സി.എച്ച്.സി. മാലിപ്പുറം നടപ്പിലാക്കിയ പ്രോജക്ടുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

| ക്രമ നം. | പേര് | പ്രോജക്ട് നം. | അടങ്കൽ | ചെലവ് | ബിൽ നം./ തുക |
|---|---|---|---|---|---|
| 1. | സി. എച്. സി. മാലിപ്പുറം - മരുന്ന വാങ്ങൽ | 28/18-19 | 2,50,000/- | 2,50,000/- | 3/18-19/22.09.18-2,50,000/- |
| 2. | സി. എച്. സി. മാലിപ്പുറം - ശീതീകരണം | 32/18-19 | 50,000/- | 50,000/- | 9/18-19/18.12.18/ 50,000/- |
| 3. | പാലിയേറ്റീവ് കെയർ | 33/18-19 | 3,00,000/- | 3,00,000/ | 1/18-19/22.06.18- |

| | | | | | |
|---|---|---|---|---|---|
| | | | | | 28817/-<br>2/18-<br>19/11.09.18-<br>27090/-<br>4/18-<br>19/22.09.18-<br>13190/-<br>5/18-<br>19/26.10.18<br>– 8520/-<br>8/18-<br>19/27.11.18-<br>13575/-<br>10/16.01.19-<br>36160/-<br>11/20.02.19<br>-118530/-<br>12/18.03.19-<br>21665/-<br>13/26.07.18<br>-32453/- |

പദ്ധതികളുടെ ഫയലുകൾ മാത്രമാണ് ഓഡിററിനായി നൽകിയത്. ബന്ധപ്പെട്ട രജിസ്റ്ററുകളുടെ അഭാവത്തിൽ പ്രോജക്ടുകൾ പരിശോധിക്കുവാൻ സാധിക്കാത്തതിനാൽ ബിൽ ബുക്ക്,ക്യാഷ് ബുക്ക്,സ്റ്റോക്ക് രജിസ്റ്റർ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതു പ്രകാരം ബിൽ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ ലഭ്യമാക്കി. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുകയ്ക്കുള്ള വാങ്ങലുകൾ സ്ഥാപനത്തിൽ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്തതായി ബോധ്യപ്പെട്ടിട്ടില്ല. ആയതിനാൽ മേൽപ്പറയുന്ന മൂന്ന് പദ്ധതികൾക്കായി ചെലവഴിച്ച തുക (6,00,000/- രൂപ) സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

# 1-15 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S 017/18-19, പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പദ്ധതി അടങ്കൽ | 4,42,800/-രൂപ (വികസനഫണ്ട്-എസ്.സി.പി) |
| ചെലവഴിച്ച തുക- | 4,42,800/-(ബിൽ നം 02/18-19 തീയതി 29.09.2018 |

പട്ടികജാതി വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്റ്റ് പ്രകാരം ചെലവഴിച്ച മുഴുവൻ തുകയും എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന് കൈമാറിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. തുക ചെലവഴിച്ചതിന്റെ മറ്റ് വിശദാംശങ്ങളോ വിനിയോഗസാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. സംയുക്ത പ്രോജക്റ്റായാണ് പദ്ധതി നടപ്പിലാക്കിയതെങ്കിൽ വിനിയോഗ സാക്ഷ്യപത്രം

ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 01/04.02.2020) നൽകിയ മറുപടിയിൽ പഞ്ചായത്തിൽ നിന്നും ലഭ്യമാവുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഹാജരാക്കേണ്ടതാണ്.

# 1-16 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2018-19 ൽ ബ്ളോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട വിവിധ പഞ്ചായത്തുകൾക്ക് വിവിധ പ്രവർത്തികൾക്കായി ബ്ളോക്ക് വിഹിതം നല്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം | S0053/19 |
| പ്രോജക്ടിന്റെ പേര് | സെന്റ്മേരീസ് ചർച്ച് ലെയിൻ കോൺക്രീറ്റിംഗ്, മുളവ് കാട് ഗ്രാമപഞ്ചായത്ത്. |
| അടങ്കൽ | 500000/-(വികസന ഫണ്ട്) |
| ചെലവ് | 500000/-(ബിൽ നം. 31/19/28.2.19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

2.

| | |
|---|---|
| പ്രോജക്ട് നം | S00 55/19 |
| പ്രോജക്ടിന്റെ പേര് | എളംകുന്നപ്പുഴ പഞ്ചായത്ത് വാർഡ് 18,ബ്ളോക്ക് ലൈൻ റോഡ് കോൺക്രീറ്റിംഗ്& സംരക്ഷണഭിത്തി നിർമ്മാണം. |
| അടങ്കൽ | 345000/-(വികസന ഫണ്ട്) |
| ചെലവ് | 345000/-(ബിൽ നം. 12/18-19/13.11.18) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

3.

| | |
|---|---|
| പ്രോജക്ട് നം | S00 60/19 |
| പ്രോജക്ടിന്റെ പേര് | എളംകുന്നപ്പുഴ പഞ്ചായത്ത് വാർഡ് 9, ജനതാ റോഡ് ഇന്റർലോക്ക് വിരിയ്ക്കൽ. |
| അടങ്കൽ | 500000/-(വികസന ഫണ്ട്) |
| ചെലവ് | 500000/-(ബിൽ നം. 14/18-19/13.11.18) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

4.

| | |
|---|---|
| പ്രോജക്ട് നം | S00 58/19 |
| പ്രോജക്ടിന്റെ | പെരിമാടി സെന്റ് സെബാസ്റ്റ്യൻസ് സൌത്ത് ലിങ്ക് |

| | |
|---|---|
| പേര് | റോഡ് മെയിന്റനൻസ്&ഡ്രെയിനേജ്. വാർഡ്- 2. |
| അടങ്കൽ | 500000/-(വികസന ഫണ്ട്) |
| ചെലവ് | 500000/-(ബിൽ നം. 13/18-19/13.11.18) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

5.

| | |
|---|---|
| പ്രോജക്ട് നം | So 108/19 |
| പ്രോജക്ടിന്റെ പേര് | മുളവ്കാട് വാർഡ് 14,സെന്റ് ആന്റണീസ് ഇ.പി,എസ്. വല്ലാർപാടം റോഡ്. |
| അടങ്കൽ | 500000/-(വികസന ഫണ്ട്) |
| ചെലവ് | 500000/-(ബിൽ നം. 35/19/23.3.19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

6.

| | |
|---|---|
| പ്രോജക്ട് നം | Soo 73/19 |
| പ്രോജക്ടിന്റെ പേര് | പൊതുതോടുകൾക്ക് ആഴം വർദ്ധിപ്പിയ്ക്കൽ- എളംകുന്നപ്പുഴ പഞ്ചായത്ത്. |
| അടങ്കൽ | 1500000(വികസനഫണ്ട്.) |
| ചെലവ് | 1500000(ബിൽ നം. 11/18-19/ 30.10.18) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

എന്നാൽ ഈ പ്രവർത്തികൾ പൂർത്തികരിച്ചതിന്റെ വിവരമോ, വിനിയോഗ സാക്ഷ്യപത്രമോ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

# 1-17 പ്രോജക്റ്റുകളുടെ ലക്ഷ്യം പൂർത്തീകരിക്കണം

| ക്രമ നം. | പ്രോജക്ട് നം | 47/18-19 |
|---|---|---|
| 1. | പ്രോജക്ടിന്റെ പേര് | കണ്ടനാട് എസ്.സി. വനിത തൊഴിൽ പരിശീലന കേന്ദ്രത്തിന് അടിസ്ഥാന സൌകര്യം ഒരുക്കൽ |
| 2. | അടങ്കൽ | 500000/-(വികസന ഫണ്ട്) |
| 3. | ചെലവ് | 201051/( ബിൽ നം. 38/18-19/ 26.03.19)<br>56898/- 5.4.2019<br>198409/- 22.11.19<br>ആകെ - 456358/- |
| 4. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ബ്ളോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ കടമക്കുടി ഗ്രാമപഞ്ചായത്ത് 6ാം വാർഡിൽ സ്ഥിതിചെയ്യുന്ന കണ്ടനാട് എസ്.സി. വനിത തൊഴിൽ പരിശീലന കേന്ദ്രത്തിന് അടിസ്ഥാന സൗകര്യം ഒരുക്കൽ എന്ന പ്രോജക്ട് പ്രകാരം 2018-19 ൽ 201051/- രൂപയും 2019-20 ൽ 255307/- രൂപയും ഉൾപ്പെടെ ആകെ 456358/-ചെലവഴിച്ചിട്ടുണ്ട്. ടി കേന്ദ്രത്തിൽ തൊഴിൽ പരിശീലനം ആരംഭിച്ചിട്ടുണ്ടോ?, ഏതിനം തൊഴിൽ പരിശീലനം ആണ് നല്കുന്നത്?, നിലവിലെ അവസ്ഥ ? തുടങ്ങിയ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.06/06.02.2020) മറുപടി ലഭ്യമാക്കിയില്ല.

കെട്ടിടം നിഷ്ക്രിയാസ്തിയായി മാറാതെ, വനിതകൾക്ക് സ്വയംതൊഴിലിന് പ്രയോജനപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കൂടാതെ എളങ്കുന്നപ്പുഴ കൃഷി ഭവൻ- പരിശീലന ഹാൾ നിർമ്മാണത്തിനായി (പ്രോജക്ട് നം S0040/18-19) 597079/- രൂപയും (ബിൽ നം. 27/18-19/22.01.19), മുളവ്കാട് കൃഷി ഭവൻ ഇക്കോഷോപ്പ് ട്രെയിനിങ്ങ് ഹാൾ നിർമ്മാണത്തിനായി (പ്രോജക്ട് നം S0039/18-19) 10,71,965/-രൂപയും (ബിൽ നം. 25/18-19/ 18.01.19) 2018-19 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചെലവഴിച്ചിട്ടുണ്ട്. ടി കൃഷി ഭവനുകളിൽ പരിശീലനഹാൾ നിർമ്മാണം പൂർത്തിയാക്കി പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.07/06.02.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റിൽ ആവശ്യമായ വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി പ്രോജക്ടുകൾക്കായി ചെലവഴിച്ച 2125402/-(456308+597079+1071965)രൂപ തടസ്സപ്പെടുത്തുന്നു.

# 1-18 പട്ടികജാതി വനിത വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ വരവു ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി ഓഡിറ്റിന് വിധേയമാക്കണം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S013/18-19, പട്ടികജാതി വനിത വർക്കിംഗ് വിമൻസ് ഹോസ്റ്റലിലേക്ക് CCTV ക്യാമറ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി അടങ്കൽ | 76,750/-രൂപ (തനതു ഫണ്ട്) |
| ചെലവഴിച്ച തുക- | 76,750/-(ചെക്ക് നമ്പർ 5003159/23.11.2018) |

ബ്ലോക്ക് പഞ്ചായത്ത് ഓഫീസിനടുത്ത് (കുഴിക്കാട്ട് മൂല, കുസുമഗിരി പി.ഒ)സ്ഥിതി ചെയ്യുന്ന പട്ടികജാതി വനിത വർക്കിംഗ് വിമൻസ് ഹോസ്റ്റലിലേക്ക് CCTV ക്യാമറ സ്ഥാപിക്കൽ എന്ന പദ്ധതിക്കായി 76,750/-രൂപ ചെലവഴിച്ചിട്ടുണ്ട്. 4 ക്യാമറകൾ, അനുബന്ധ ഉപകരണങ്ങൾ, എന്നിവയ്ക്കും ഇൻസ്റ്റലേഷൻ ചാർജ്ജിനുമുള്ള ചെലവാണിത്. മുൻവർഷങ്ങളിലും പദ്ധതിപ്പണം ചെലവഴിച്ച് ധാരാളം വികസനപ്രവർത്തനങ്ങൾ ഹോസ്റ്റലിൽ നടപ്പാക്കിയിട്ടുണ്ട്. പട്ടികജാതി

വനിത വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(09/07.02.2020) നൽകിയിരുന്നു.

1. ഹോസ്റ്റലിന്റെ നടത്തിപ്പ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് ? ഹോസ്റ്റലിന്റെ ജീവനക്കാരുടെ വേതനവും മറ്റു കണ്ടിൻജന്റ് ചെലവുകളും വഹിക്കുന്നത് ആരാണ് ?

2. ഹോസ്റ്റൽ ഫീസ് എത്ര രൂപയാണ് ഈടാക്കുന്നത് ? തുക അടവാക്കുന്നത് ഏത് അക്കൗണ്ടിലേക്കാണ്?

3.ഹോസ്റ്റലിന്റെ നടത്തിപ്പ് നിരീക്ഷിക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഏതെങ്കിലും സമിതി രൂപീകരിച്ചിട്ടുണ്ടോ ?

ഇതിനു ലഭ്യമാക്കിയ മറുപടിയിൽ ഹോസ്റ്റലിന്റെ നടത്തിപ്പ ചുമതല പൊതു ഭരണസമിതിക്കാണെന്നും ഹോസ്റ്റലിലെ ജീവനക്കാരുടെ വേതനവും, കണ്ടിജന്റ് ചെലവുകളും വഹിക്കുന്നത് ഹോസ്റ്റലിന്റെ അക്കൗണ്ടിൽ നിന്നുമാണെന്നും അറിയിച്ചു. അമ്പതോളം പേർക്ക് താമസിക്കാൻ സൗകര്യമുള്ള ഇവിടുത്തെ നിലവിലെ പ്രതിമാസ ഹോസ്റ്റൽഫീസ് 2000/- രൂപയാണ്. തുക അടവാക്കുന്നത് ബാങ്ക് ഓഫ് ബറോഡ കാക്കനാട് ബ്രാഞ്ചിലെ 30580100001569 നമ്പർ അക്കൗണ്ടിലാണ്. എന്നാൽ ഹോസ്റ്റലിന്റെ വരവു ചെലവ് കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുകയോ ഓഡിറ്റിന് വിധേയമാക്കുകയോ ചെയ്യുന്നില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-19 ആദായനികുതി അടവാക്കിയില്ല

2018-19 വർഷത്തെ വാർഷിക കണക്കിലെ 350200201-Recoveries payable-Income tax deducted at source എന്ന ഹെഡിൽ 1,53,773/- രൂപ വരവുണ്ട്. ഇത് ഏതിനത്തിൽ ലഭിച്ച ഫണ്ടാണെന്നും തുക സർക്കാരിലേക്ക് അടവാക്കാത്തതിന് വിശദീകരണവും ചോദിച്ചിരുന്നു. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ 07/2016 മുതൽ 11/2016 വരെയുള്ള റെമ്യൂണറേഷൻ തുകയിൻമേലുള്ള ആദായനികുതി ടി.ഡി.എസ് ആയി കിഴിവ് ചെയ്തത് തെറ്റായി വാറ്റ് ഹെഡിൽ അടവാക്കിയെന്നും പിന്നീട് നികുതി വകുപ്പിൽ നിന്നും റീഫണ്ട് അനുവദിച്ച തുക സെക്രട്ടറിയുടെ പേരിലുള്ള യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിലെ 385402010087190ം നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയുമായിരുന്നെന്നും അറിയിച്ചു. മാർച്ച് 2019 ൽ ലഭിച്ച ഈ തുക ഓഡിറ്റ് തീയതിയിലും (07.02.2020) ആദായ നികുതി വകുപ്പിലേക്ക് അടവാക്കിയിട്ടില്ല. തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച്

# സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.2019 & 23.07.2019 | കെ.എസ്.എ.ഇ.കെ.എം(പി.ജി)1368(2)/2019 തീയതി 03.08.2019 |

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ്-ചെലവുകളില്ല.

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,86,72,028 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,74,50,333 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3070074 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| വർഷം | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 3,44,672 | ഡോ. ശ്രീരേഖ, പി.എച്ച്.സി, ചേരാനല്ലൂർ |
| 1-14 | 6,00,000 | ഡോ.സെലിൻ ടെൻസി, സി.എച്ച്.സി.മാലിപ്പുറം |
| 1-17 | 21,25,402 | ശ്രീ.ജിനു.വി,അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 30,70,074 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| ഇല്ല | | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ശ്രീരേഖ, പി.എച്ച്.സി, ചേരാനല്ലൂർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, എടത്തല | അഞ്ചാണ്ടിൽ, വി.കെ.സി.പി.ഒ, തേവയ്ക്കൽ |
| ഡോ.സെലിൻ ടെൻസി, സി.എച്ച്.സി.മാലിപ്പുറം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.മാലിപ്പുറം | പുത്തൻപറമ്പിൽ വീട്, ചുള്ളിക്കൽ, കൊച്ചി- |
| ശ്രീ.ജിന.വി,അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, ഇടപ്പിള്ളി ബ്ലോക്ക്പഞ്ചായത്ത് | അഞ്ചാനിൽ (വീട്) സീതത്തോട് പി ഒ പത്തനംതിട്ട |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96, 1996-97 | കെ എസ് എ-ഇ കെ എം (ബി.പി 3) 117/2016 തീ. 01.04.2016 | - |
| 1997-98 | എൽ.എഫ്.ഇ(സി)1037/02 തീ.3.12.01/30.3.02 | - |
| 1998-99 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19 തീ. 30.09.19 | 4 |
| 2000-01 | കെ എസ് എ-ഇ കെ എം (ബി.പി 3) 117/2016 തീ. 01.04.2016 | 3 |
| 2005-06 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19 തീ. 30.09.19 | 2 |
| 2006-07 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19 തീ 30.09.19 | 3 |
| 2009-10 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19 തീ 30.09.19 | 2 |
| 2010-11, 2011-12 | കെ എസ് എ-ഇ കെ എം(ബി.പി) 1675/19 തീ 30.09.19 | 1 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (ബിപി.)300/2019തീ.11.07.2019 | 8 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ ഉത്തരവിലെ നിബന്ധനകൾ

പ്രകാരവും **ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19**സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ **2018-19**സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ജോയിന്റ് ഡയറക്ടർ**

**ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.**

1. ആസ്തികൾ ക്രമപ്പെടുത്തി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. സ്റ്റോക്ക് രജിസ്റ്റർ വാല്യുബേസ്ഡ് ആക്കി അക്കൗണ്ട് ചെയ്തിട്ടില്ല.

**ജോയിന്റ് ഡയറക്ടർ**

CERTIFICATE

Certified that I have examined the Annual Financial Statement of **Edappally Block Panchayat** in Ernakulam District for the year ended on 31.03.2019 in accordance with Section ‘ 4’ of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of **Edappally Block Panchayat** for the year 2018-19 subject to the observations in the Annexure, properly presents the picture of income,

expenditure and closing balance.

JOINT DIRECTOR

**Defects identified on verification of Annual Financial Statement 2018-19**

1. All assets including land has not been included in the asset Register and not reconciled with the Annual Financial Statement.

2. Stock Registers are not prepared and accounted on value based standards.

JOINT DIRECTOR

ERNAKULAM